**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 859

06.06.2018 ലെ മറുപടിയ്ക്ക്.

## പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം : | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പഠനമുറി പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഗവൺമെന്റ്,എയ്ഡഡ് സ്കൂളുകളിൽ 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ നിലവിലുള്ള 800 Sq. feet വരെ വലിപ്പമുള്ള വീടിനോട് ചേർന്ന് 120 Sq. feet വലിപ്പത്തിൽ "പഠനമുറി'' നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി 2017-18 വർഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളെയാണ് പദ്ധതിക്കായി പരിഗണിക്കുന്നത്. 120 Sq. feet വലിപ്പമുള്ള മുറി നിർമ്മിക്കുന്നതിനും, മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും, ചുവരുകൾ പ്ലാസ്റ്ററിംഗ് ചെയ്യുന്നതിനും, തറ ടൈൽ പാകുന്നതിനും, വാതിലും ജനലുകളും സ്ഥാപിക്കുന്നതിനും, പുസ്തകം സൂക്ഷിക്കുന്നതിന് ഭിത്തി അലമാര |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനും, വൈദ്യുതീകരിച്ച് ലൈറ്റ്, ഫാൻ എന്നിവ സ്ഥാപിക്കുന്നതിനുമാണ് ധനസഹായതുക നൽകുന്നത്. ടി തുക 15%, 30%, 40%, 45% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകിയെന്ന് വെളിപ്പെടുത്താമോ; | (ബി) | 2017-18 വർഷം 7000 പഠനമുറികൾ നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ചിരുന്നു. 6615 ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിക്കുകയും 48 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ ഇതിനകം എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയത്; | (സി) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18 ൽ 100 സാമൂഹ്യ പഠന മുറികൾക്കായി കേന്ദ്രങ്ങളെ തെരെഞ്ഞെടുത്തിട്ടുണ്ട്.അവയിൽ 78 എണ്ണം പ്രവർത്തനയോഗ്യമായിട്ടുണ്ട്. ഒരു പഠനകേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്കുള്ള പഠന സൗകര്യങ്ങളാണ് ഒരുക്കുന്നത്.കോളനികളിലെ അഭ്യസ്ത വിദ്യരായ യുവതീ യുവാക്കളെ സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർമാരായി തെരെഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. ഒരു സാമൂഹ്യ പഠന മുറിക്ക് ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം), യുപിഎസ് (2), വൈറ്റ് ബോർഡ് (1), എൽ. ഇ. ഡി. മോണിറ്റർ (1), എൽ. ഇ. ഡി. ഡിസ് പ്ലേ (1), കമ്പ്യൂട്ടർ ടേബിൾ (1), രണ്ട് വിദ്യാർത്ഥികൾക്ക് വീതം ഇരിക്കുവാൻ കഴിയുന്ന കസേരയോടുകൂടിയ 15 സ്റ്റഡി ടേബിളുകൾ എന്ന കണക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠന കാര്യത്തിൽ |

| | | | |
|---|---|---|---|
| | | | സഹായിക്കുക, വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക, ലൈബ്രറി , ഇന്റർനെറ്റ് സൗകര്യം തുടങ്ങിയ അധിക സൗകര്യങ്ങളും ടി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. |
| (ഡി) | ഈ പദ്ധതി മൂലം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ ഉണ്ടായിട്ടുള്ള ഉയർച്ച വിലയിരുത്തിയിട്ടുണ്ടോ. വിശദാംശം നൽകുമോ? | (ഡി) | 2017-18 സാമ്പത്തിക വർഷം 2018 ജനുവരി മാസത്തിലാണ് പദ്ധതിയ്ക്ക് അനുമതി ലഭിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ച് 6615 പഠനമുറികളിൽ 48 എണ്ണം മാത്രമാണ് നിലവിൽ നിർമ്മാണം പൂർത്തികരിച്ചിട്ടുള്ളത്. സാമൂഹ്യ പഠനമുറികൾ കഴിഞ്ഞ അദ്ധ്യയന വർഷാവസാനമാണ് പ്രവർത്തന ക്ഷമമായത്. പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കിയാൽ മാത്രമേ പട്ടികജാതി, പട്ടികവർഗ വിഭാഗം വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ ഉണ്ടായ ഉയർച്ച വിലയിരുത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ